ദാരിദ്ര്യ നിർമാർജ്ജന യൂണിറ്റുകൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട്

14 (*584) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾക്ക് സംസ്ഥാനതല നോഡൽ ഏജൻസികൾ വഴി ലഭ്യമാകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇങ്ങനെ ലഭിക്കുന്ന ഫണ്ട് ഈ നിർവ്വഹണ ഏജൻസിയുടെ പക്കൽ ചെലവഴിക്കപ്പെടാതെ കിടക്കുന്നതായ അവസ്ഥ അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് എങ്ങുകൊണ്ട് സംഭവിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ടുകൾ ചെലവഴിക്കപ്പെടാതെ പോകുന്നത് ഗ്രാമങ്ങളുടെ വികസനത്തെയും സാമൂഹ്യ മേഖലയിലുള്ള പൊതു നിക്ഷേപത്തെയും എത്രത്തോളം ബാധിക്കുന്നുവെന്ന് വിലയിരുത്തുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വിലയിരുത്തൽ നടത്തുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും അവലോകന യോഗങ്ങളും വിലയിരുത്തലും നടത്താറുണ്ട്.

(ബി) ഇല്ല. ഒരു സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് തുകയായി വകയിരുത്തുന്നതിനാൽ തുക ചെലവഴിക്കപ്പെടാതെ കിടക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ആകെ ലഭ്യമായ തുകയുടെ 90 ശതമാനം ചെലവഴിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly